(ഡി) ഇതിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഇ) റോഡ് നിർമ്മാണത്തിലെ അനിശ്ചിതത്വം മൂലം സർവ്വേ നടത്തിയ പ്രദേശങ്ങളിലെ വസ്തു ഉടമകൾ ആശങ്കയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഏറ്റുമാനൂർ-നെടുമ്പാശ്ശേരി റോഡ് നിർമ്മാണത്തിന് ആവശ്യമായിട്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (ഡി. പി. ആർ.) തയ്യാറാക്കുക മാത്രമേ ചെയ്തിട്ടുള്ളു.

(ബി) ഇല്ല.

(സി) ഈ പദ്ധതിയുടെ മതിപ്പു ചെലവ് 75 കോടി രൂപയാണ്. ഇതേവരെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ഡി) ഇല്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുവാൻ വേണ്ട നടപടികൾ എടുക്കുന്നതാണ്.

പട്ടാമ്പിയിൽ ബൈപ്പാസ് നിർമ്മാണം

62 [2951] ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടാമ്പിയിലെ ഗതാഗതകുരുക്ക് പരിഹരിക്കുന്നതിനായി പട്ടാമ്പി നിളാതീരത്തു കൂടി ബൈപ്പാസ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

നടപടി സ്വീകരിച്ചിട്ടുണ്ട്. 28-8-2003-ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 836/2003 പൊ.മ.വ. പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകിക്കഴിഞ്ഞാലുടൻ ദർഘാസ് നടപടികൾ സ്വീകരിക്കുന്നതാണ്.

ഇട്ടക്കടവിലും ഇടപ്പാലത്തും പാലം നിർമ്മിക്കാനുള്ള ഇൻവെസ്റ്റിഗേഷൻ

63 [2953] ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുന്തിപ്പുഴയ്ക്ക് കുറുകെ ഇട്ടക്കടവിലും വിളയൂർ-കൈപ്പുറം റോഡിൽ മൂർക്കനാട് ഇടപ്പാലത്തും പാലം നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ചോദ്യം നമ്പർ (2952)-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly